**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6647** **21-03-2023 - ൽ മറുപടിയ്ക്ക്**

**പറക്കുന്നം പാലം നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ .ഡി .പ്രസേനൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ആലത്തൂർ നിയോജകമണ്ഡലത്തിലെ പറക്കുന്നം പാലം നിർമ്മാണ പ്രവർത്തനങ്ങൾ വൈകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | ആലത്തൂർ പറക്കുന്നം പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി 10/07/2017 തീയതിയിലെ G.O(Rt) No.942/ 2017/PWD ഉത്തരവ് പ്രകാരം 15 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി നൽകുകയും, പ്രസ്തുത പ്രവൃത്തിയുടെ പദ്ധതിരേഖ 10.05 കോടി രൂപയുടെ സാമ്പത്തിക അനുമതിയ്ക്കായി 7/2/2020 -ൽ കിഫ്ബിയിൽ സമർപ്പിക്കുകയും ചെയ്തിരുന്നു. തുടർന്ന് കിഫ്ബിയിൽ നിന്ന് ലഭിച്ച ടെക്നിക്കൽ അപ്രൈസൽ റിപ്പോർട്ട് പ്രകാരം പുതുക്കിയ പദ്ധതിരേഖ 13.871 കോടി രൂപയുടെ സാമ്പത്തിക അനുമതിയ്ക്കായി 23/07/2022-ൽ കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രവൃത്തി എന്ന് പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | (ബി) | കിഫ്ബിയിൽ നിന്നും സാമ്പത്തികാനുമതി ലഭ്യമായാൽ സ്ഥലമേറ്റെടുക്കുന്നതിനുള്ള നടപടി ആരംഭിക്കുന്നതാണ്. സാങ്കേതികാനുമതിക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി, സാങ്കേതികാനുമതി നൽകിയ ശേഷം ടെണ്ടർ നടപടികൾ പൂർത്തിയാക്കി പ്രവൃത്തി ആരംഭിക്കുവാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ